നകം സംസ്ഥാനബോർഡിന് അപ്പീൽ നൽകാം. സംസ്ഥാനബോർഡ് അതിൽ മേൽ 30 ദിവസത്തിനകം തീരുമാനമെടുത്ത് വ്യവസായികളെ അറിയിക്കും.

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ വ്യവസായികൾക്ക് ഏറ്റവും പ്രോൽസാഹജനകമാകുന്ന ഘടകമാണ് പുതിയ സംവിധാനമായ ഏകജാലക ക്ളിയറൻസ് ബോർഡ്. ഇതുവഴി ലൈസൻസുകളും ക്ളിയറൻസുകളും സർട്ടിഫിക്കറ്റുകളും കാലതാമസംകൂടാതെ എളുപ്പത്തിൽ ലഭ്യമാക്കുന്നു. ഇത് വ്യവസായ വളർച്ചയെയും പുരോഗതിയേയും അനുകൂലമായി ബാധിക്കും. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനും സഹായമാകും.

13 (537) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമേഖലയിലും സ്വകാര്യമേഖലയിലും ആയി എത്ര കമ്പനികൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൊതുമേഖലയിലുള്ള കമ്പനികൾ എത്ര; സ്വകാര്യമേഖലയിലെ കമ്പനികൾ എത്ര എന്നു വെളിപ്പെടുത്തുമോ;

(സി) രണ്ട് കൊല്ലത്തിലധികമായ എത്ര കമ്പനികൾ രണ്ടു മേഖലകളിലുമായിട്ടുണ്ടെന്നും അതിൽ മൂന്ന്, നാല്, അഞ്ച് അതിൽ കൂടുതൽ വർഷങ്ങൾ ആയ എത്ര കമ്പനികൾ ഉണ്ട് എന്നും വെളിപ്പെടുത്തുമോ;

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ പൊതുമേഖലയിലുള്ള 7 കമ്പനികൾ പൂട്ടിക്കിടക്കുന്നുണ്ട്. ആയതിന്റെ പേരു വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.† സ്വകാര്യ മേഖലയിലെ പൂട്ടിക്കിടക്കുന്ന കമ്പനികൾ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

14 (538) പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ടായിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്രഎണ്ണം തുറന്നു പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 31-5-2000 വരെ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ എന്നത്തേക്ക് തുറന്നുപ്രവർത്തിപ്പിക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

---

† അനുബന്ധം IV
1172/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 42 വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ടായിരുന്നു. അവയിൽ കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ പ്രവർത്തിച്ചുകൊണ്ടിരുന്ന 39 സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം -1- ൽ നൽകിയിരിക്കുന്നു.† മറ്റ് സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1) കേരളാ സോപ്സ് ആൻഡ് ഓയിൽസ് ലി- കോഴിക്കോട് ജില്ല.

2) കേരളാസ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കലിന്റെ വൈറ്റമിൻ (എ) ഡിവിഷൻ ആലപ്പുഴ ജില്ല.

3) ചാലക്കുടി റിഫ്രാക്ടറീസ് തൃശ്ശൂർ ജില്ല.

ചെറുകിടവ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 13 എണ്ണം.

(സി) കെ.എസ്.ഐ.ഡി.സി. യുടെ അധീനതയിലുള്ള 37 സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. അവയുടെ വിശദാംശം അനുബന്ധം 2-ൽ നൽകിയിരിക്കുന്നു. പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലി- ഇപ്പോൾ 'ലേ ഓഫിലാണ്'. ചെറുകിടവ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഇതിനെപ്പറ്റി വ്യക്തമായി പറയാനാവില്ല. അടഞ്ഞുകിടക്കുന്ന വ്യവസായസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധത്തിൽ ഉണ്ട്. തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലി., തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഏകദേശം 13 കോടി രൂപ ചെലവുവരുന്ന ഒരു പുനരുദ്ധാരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ചാലക്കുടി റിഫ്രാക്ടറീസ് തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

15 (539) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു;

(ബി) ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര; 1999 - 2000 വർഷത്തിലെ ആകെ ലാഭം എത്ര;

(സി) 1999-2000 വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എത്ര;

(ഡി) 1995-96 വർഷത്തിൽ നഷ്ടമുണ്ടാക്കിയ വ്യവസായ സ്ഥാപനങ്ങൾ എത്ര; ഇവയുടെ ആകെ ലാഭം എത്രയായിരിക്കും;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly